ഭൂനയക്കമ്മിറ്റി റിപ്പോർട്ട്

*൪൧൦. (൨൪) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭൂനയക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിച്ചു കഴിഞ്ഞുവോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കും;

(ഡി) ഇതനുസരിച്ചു ഗവൺമെണ്ട് എന്തെങ്കിലും നടപടികൾ ഉടൻ എടുക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ. ബി. സി. ഡി.) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

Sri. P. Balakrishnan Tampi: May I know whether the Land Committee has submitted its report to the Chief Minister?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടില്ല.

Sri. A. P. Udayabhanu: Is the summary of the Report available?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ടിന്റെ ഒരു സമ്മറി ചീഫ് മിനിസ്റ്റർക്ക് അയച്ചിട്ടുണ്ടെന്നു ഇപ്പോൾ അറിഞ്ഞു.

ഫീസുകൾക്കുള്ള വ്യത്യാസം

*൪൧൧. (൨൫) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ലോവർ സെക്കൻറി ക്ലാസുകളിലെ ഫീസുകൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ;

(ബി) സെക്കൻറി സ്ക്കൂൾവിദ്യാഭ്യാസ പരിഷ്കരണത്തിൽ ഈ വ്യത്യാസത്തെ നീക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ ഫീസ് എന്തായിരിക്കും?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ലോവർ സെക്കൻറി ക്ലാസ്സുകളിൽ ഫീസുകൾക്ക് തമ്മിൽവ്യത്യാസമുണ്ട്.

(ബി) ഈ ഫീസ് വ്യത്യാസവും സെക്കൻറി വിദ്യാഭ്യാസ പരിഷ്കരണവും തമ്മിൽ ബന്ധമില്ല.

(സി) അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കേശവൻ: രണ്ട് സംസ്ഥാനങ്ങളിലേയും ക്ലാസ്സുകളിലെ ഫീസുകൾ തമ്മിൽ വ്യത്യാസമെന്താണെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ ലോവർ സെക്കൻറി ക്ലാസ്സുകളിൽ ഫ്രീ പ്രൈമറി എട്ടു മാസവും കൊച്ചിയിൽ മൂന്നു പ്രൈമറി വീതം വ്യത്യാസമാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், ஸெகண்டரி ஸ்கூல்களில் படிக்கிற நாடார் பெண்களுக்கு ஃபீஸ் சௌஜன்யமிருக்க, சில பாடசாலைகளில்

LIBRARY ARCHIVES Kerala Legislative Assembly